മിസ്റ്റർ പി. ഗോവിന്ദമേനോൻ: മറെറല്ലാപേരും രൂപ ചിലവുചെയ്യുന്നതുപോലെ അവരും ചിലവു ചെയ്യും. അവിടെ കുറച്ചു കൂടികൊടുക്കേ വ്യായാമം കൊടുക്കുന്നുണ്ട്. അതിനാണ് ഗ്രാൻറ കൊടുക്കുന്നതു്.

FEES—DEPRESSED CLASS STUDENTS—DETAILS REGARDING

125. മിസ്റ്റർ കെ കൊച്ചുകുട്ടൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ഗവർമ്മെണ്ടിൽനിന്നും സദയം മറുപടി പറയുമൊ.—

(എ) അധഃകൃത വിദ്യാർത്ഥികൾ രണ്ടുകൊല്ലം ഒരേ ക്ലാസ്സിൽ തോറ്റാൽ മൂന്നാം കൊല്ലം മുഴുവൻ ഫീസ്സും കൊടുക്കണമെന്ന ഒരു കല്പന ഈ വിദ്യാഭ്യാസവർഷത്തിൽ ഗവർമ്മെണ്ടു പുറപ്പെടുവിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഈ കല്പനക്കുമുമ്പു്, അധഃകൃത വിദ്യാർത്ഥികൾ ഒരേ ക്ലാസ്സിൽ മൂന്നു കൊല്ലം ഒട്ടുംതന്നെ ഫീസ്സു് കൊടുക്കേണ്ടതില്ലെന്നും മൂന്നു കൊല്ലം കഴിഞ്ഞാൽ മൂന്നു കൊല്ലം പകുതി ഫീസ്സു് കൊടുത്താൽ മതിയെന്നും ഗവർമ്മെണ്ടു് ഒരു കല്പന പുറപ്പെടുവിച്ചിട്ടുണ്ടോ;

(സി) ബി-യിൽ പറയുംപ്രകാരമുള്ള ഒരു കല്പന പുറപ്പെടുവിച്ചിട്ടുണ്ടെങ്കിൽ അതു നിലവിലുള്ളപ്പോൾ എ-യിൽ പറയുംപ്രകാരമുള്ള ഒരു കല്പന പുറപ്പെടുവിക്കുവാൻ പ്രത്യേക കാരണമെന്തു്?

മിസ്റ്റർ പി. ഗോവിന്ദമേനോൻ:

(എ) ഉവ്വു്.

(ബി) ഉവ്വു്.

(സി) പുതിയ കോഡിലെ നിബന്ധനകളനുസരിച്ചാണു് ഈ കല്പന പുറപ്പെടുവിച്ചിരിക്കുന്നതു്.

ADMISSION OF STUDENT NAMED PADMANABHAN IN THE MAHARAJA'S COLLEGE —DETAILS REGARDING

126. Mr. Ambat Eachara Menon *(Chittur-Tattamangalam):* Will Government be pleased to state.—

(*a*) is it a fact that a boy named Padmanabhan was admitted in the 1st class in the Maharaja's College and afterwards sent away paying back the fees he had remitted;

(*b*) why was he admitted and why sent away;

(*c*) has the Principal given him a letter to the Palghat College saying among other things that anybody would be proud to have such a brilliant boy;

(*d*) how many non-Cochinites are there now in the first class of the College?

Mr. P. Govinda Menon *(Minister for Food and Education):*

(*a*) No.

(*b*) & (*c*) Not necessary in view of the answer to (*a*) above.

(*d*) None. Only Cochinites have been admitted.

LOWER SECONDARY SCHOOL AT KODAKARA

127. മിസ്റ്റർ എം. ഒ. തോമക്കുട്ടി: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ഗവർമ്മെണ്ടു സദയം മറുപടി പറയുമൊ —

(എ) കൊടകര ഗവർമ്മെണ്ടു ലോവർ സെക്കണ്ടറി സ്കൂൾ സഹായവ്യവസ്ഥയിൽ വിട്ടുകൊടുത്തിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ആർക്കാണു്;

(സി) പാട്ടമായൊ, വാടകയായൊ എന്താണു നിശ്ചയിച്ചിട്ടുള്ളതു്;

(ഡി) ക. വാടകയാണെങ്കിൽ എത്ര;

ഖ. പാട്ടമാണെങ്കിൽ എത്ര;

(ഇ) ഗവർമ്മെണ്ടിൽനിന്നും ഈ സ്കൂൾകെട്ടിടത്തിനു് എത്ര ചിലവു ചെയ്തിട്ടുണ്ടു്?

മിസ്റ്റർ പി. ഗോവിന്ദമേനോൻ:

(എ) ഉവ്വു്.

(ബി) കൊടകര നാഷണൽ സ്കൂൾ മാനേജർക്കു്.

(സി) വാടകയാണു് നിശ്ചയിച്ചിട്ടുള്ളതു്.

LIBRARY ARCHIVES Kerala Legislative Assembly